# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 489

01.07.2014 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയ്ക്ക് ദോഷകരമായ നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുക്കാതെ നബാർഡ് മുന്നോട്ടുവച്ച പല നിർദ്ദേശങ്ങളും സഹകരണ മേഖലയെ തകർക്കുന്ന തരത്തിലുള്ളതാണെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; | (എ) പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22.07.2013 ൽ നബാർഡ് നൽകിയ സർക്കുലർ നിർദ്ദേശം കേരളത്തിലെ ത്രിതല വായ്പാ മേഖലയെ ദോഷകരമായി ബാധിക്കുമെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ട്. |
| (ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ് നടത്താൻ പാടില്ല എന്നും ജില്ലാ ബാങ്കുകളുടെ ബിസിനസ് കറസ്പോണ്ടന്റായി പ്രവർത്തിച്ചാൽ മതി എന്നുമുള്ള നബാർഡ് നിർദ്ദേശം തൽക്കാലം മരവിപ്പിച്ചിട്ടുണ്ടെങ്കിലും ഏത് സമയത്തും ഇത് നടപ്പിലാക്കപ്പെടാം എന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22.07.2013 ൽ നബാർഡ് നൽകിയ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു നടപടിയും സ്വീകരിക്കേണ്ടതില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ 03.08.2013 ലെ കത്ത് മുഖേന സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും അറിയിച്ചിരുന്നു. നബാർഡിന്റെ സർക്കുലർ നിർദ്ദേശത്തിനെതിരെ ചില പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുണ്ട്. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് |

| | | |
|---|---|---|
| | | പരാമർശിച്ച് വകുപ്പ് മന്ത്രി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും, കൃഷി വകുപ്പ് മന്ത്രിക്കും കത്ത് നൽകിയിരുന്നു. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡ് പുറപ്പെടുവിച്ച സർക്കുലർ നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ടതില്ലെന്നും ഇക്കാര്യത്തിൽ സംസ്ഥാന ഗവണ്മെന്റും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും, സഹകരണ ബാങ്കുകളുമാണ് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതെന്നും നബാർഡ് 06.09.2013 ൽ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സഹകരണ മേഖലയ്ക്ക് തകർച്ചയുണ്ടാക്കുന്ന തരത്തിലുള്ള നബാർഡ് നിർദ്ദേശങ്ങൾ നടപ്പാക്കില്ല എന്നുറപ്പ് വരുത്താൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്തെ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കില്ല എന്നതാണ് സർക്കാർ നയം. |

സെക്ഷൻ ഓഫീസർ